പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി (2006–2008)

## നാലാമത് റിപ്പോർട്ട്

(മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)

(2008 ജൂലൈ മാസം 7–ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതി

**(2006-2008)**

നാലാമത് റിപ്പോർട്ട്

(മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്
സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്)

(2008 ജൂലൈ മാസം 7-ാം തീയതി സമർപ്പിച്ചത്)

654/2008.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vi |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 8 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

<u>അംഗങ്ങൾ</u> :

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി
ശ്രീമതി പി. അയിഷാ പോറ്റി
,, ഇ. എസ്. ബിജി മോൾ
പ്രൊഫ. എൻ. ജയരാജ്
ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എൻ. ശക്തൻ
ശ്രീമതി കെ. എസ്. സലീഖ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി വി. ജയലക്ഷ്മി അമ്മ, ജോയിന്റ് സെക്രട്ടറി
ശ്രീ. സി. ആർ. രഘുനാഥൻ പിള്ള, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി പി. കെ. ഗിരിജ, അണ്ടർ സെക്രട്ടറി
,, വി. ആർ. ലക്ഷ്മിക്കുട്ടി, അണ്ടർ സെക്രട്ടറി.

# ആമുഖം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മിശ്രവിവാഹിതയും ജന്മനാ വൈകല്യം ബാധിച്ച നാലുമക്കളുടെ അമ്മയുമായ ശ്രീമതി കെ. പി. മിനി തന്റെ കഷ്ടപ്പാടുകൾ വിവരിച്ചുകൊണ്ട് സമിതിയുടെ സഹായം അഭ്യർത്ഥിച്ച് സമിതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നീ ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുത്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2008 ജൂൺ മാസം 11-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. കെ. ശൈലജ ടീച്ചർ,

അദ്ധ്യക്ഷ,
സ്ത്രീകളുടേയും കുട്ടികളുടേയും
വികലാംഗരുടേയും ക്ഷേമം
സംബന്ധിച്ച സമിതി.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2008, ജൂലായ് 7.

## സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം സംബന്ധിച്ച സമിതി
(2006-2008)

## മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്

കുടുംബത്തിന്റേയും സമൂഹത്തിന്റേയും സുസ്ഥാപിത അടിത്തറയായി നിലനിൽക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു സാമൂഹ്യ സംവിധാനമാണ് വിവാഹം. സമൂഹം നിഷ്കർഷിക്കുന്ന നിയമങ്ങൾ അനുസരിച്ച് വൈവാഹിക കടമകളും സമൂഹത്തോടുള്ള ബാദ്ധ്യതകളും നിറവേറ്റി ജീവിതം നയിക്കുവാനായി യുവതീ യുവാക്കളെ തമ്മിൽ ബന്ധിപ്പിക്കുക എന്ന ആശയമാണ് വിവാഹത്തിനുള്ളത്.

2. ഹിന്ദുമത വിശ്വാസപ്രകാരം ജീവിതത്തിൽ ഒരിക്കൽ മാത്രം നടത്തുന്നതും മരണംവരെ വേർപെടുത്താനാകാത്തതുമായ മതപരമായ കർമ്മമാണ് വിവാഹം. 1955 മേയ് 18-നാണ് ഹിന്ദു വിവാഹനിയമം ഇന്ത്യയിൽ പ്രാബല്യത്തിൽ വന്നത്. ഹിന്ദുമതത്തിൽ നിലനിന്നിരുന്ന വിവാഹനിയമങ്ങളിൽ സുപ്രധാനവും ഏറ്റവും പുരോഗമനപരവുമായ മാറ്റങ്ങൾ വരുത്തിയ ഈ നിയമം സാമൂഹ്യ നിയമനിർമ്മാണ ചരിത്രത്തിലെ നാഴികക്കല്ലായി വിശേഷിപ്പിക്കപ്പെടുന്നു. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങൾക്കും ബാധകമായ ഒരു വ്യക്തി നിയമമാണ് ഹിന്ദു വിവാഹ നിയമം. ബുദ്ധമതക്കാരും സിക്കുകാരും ജൈനന്മാരും ഹിന്ദുക്കളായി കണക്കാക്കപ്പെടുന്നതിനാൽ അവർക്കും ഈ നിയമം ബാധകമാണ്. മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നിവർക്ക് പ്രത്യേകം വ്യക്തി നിയമങ്ങൾ നിലവിലുള്ളതിനാൽ അവർക്ക് ഈ നിയമം ബാധകമല്ലാതാകുന്നു.

3. ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കും മുമ്പ് ഭ്രാന്തമായ മതവിശ്വാസവും ആചാരങ്ങളും നിലനിന്നിരുന്നു. അന്യമതത്തിലോ ജാതിയിലോപെട്ട വ്യക്തികളെ വിവാഹം ചെയ്യുക അന്ന് ദുഷ്കരമായിരുന്നു. ഊരുവിലക്കും സമുദായ വിലക്കും ഏർപ്പെടുത്തുക മാത്രമല്ല ജീവാപായം തന്നെ നേരിടേണ്ടിവന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. എന്നാൽ, സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നാം ശക്തമായ ഒരു നിയമ നിർമ്മാണത്തിലൂടെ ഈ വിലക്കുകളെ അതിജീവിക്കാനുതകുന്ന ഒരു നിയമം കൊണ്ടുവന്നു. സ്പെഷ്യൽ മാര്യേജ് ആക്ട് 1954 പ്രാബല്യത്തിൽ വന്നതോടെ ഏതു മതത്തിലും ജാതിയിലുംപെട്ട വ്യക്തികളെ നിയമപരമായി വിവാഹം ചെയ്യാവുന്ന ഒരവസ്ഥ സംജാതമായി. സ്ത്രീകളെ അടിമകളായി കണക്കാക്കുന്ന കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായി. പകരം സ്ത്രീക്കും പുരുഷനും ഏറെക്കുറെ സമത്വം പ്രദാനം ചെയ്യുന്ന കുടുംബ വ്യവസ്ഥ നിലവിൽ വന്നു. ഈ വ്യവസ്ഥിതിയിൽ മതം, ജാതി, ഭാഷ, ദേശം തുടങ്ങിയ കാര്യങ്ങളൊന്നും വിവാഹത്തിന് തടസ്സമാകരുതെന്ന വിശാലവും പുരോഗമനപരവുമായ കാഴ്ചപ്പാടാണ് ഇന്നത്തെ സമൂഹത്തിനുള്ളത്. സ്വന്തം ഇഷ്ടപ്രകാരം ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്ന യുവതിയുവാക്കൾക്ക് മതപരമായ വിലക്കുകളോ സ്ത്രീധനം പോലുള്ള അനാചാരങ്ങളോ ഇല്ലാതെ വിവാഹിതരാകാൻ പ്രത്യേക വിവാഹം നിയമം സഹായിക്കുന്നു. മതപരമായ ആചാരാനുഷ്ഠാനങ്ങളും നിബന്ധനകളും ഒഴിവാക്കികൊണ്ടുള്ള ഒരു സമ്പ്രദായമാണ് പ്രത്യേക വിവാഹനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്ത് നടത്തപ്പെടുന്ന വിവാഹം സിവിൽ വിവാഹം

എന്നും രജിസ്റ്റർ വിവാഹം എന്നും പൊതുവെ അറിയപ്പെടുന്നു. ജാതിമത വ്യത്യാസ ങ്ങളില്ലാതെ എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഒരു പോലെ ബാധകമായ പ്രത്യേക വിവാഹ നിയമം 1955 ജനുവരി ഒന്നിന് നിലവിൽ വന്നു.

4. മിശ്രവിവാഹിതരായ ദമ്പതികളെ സമൂഹം ഒരു പ്രത്യേക കാഴ്ചപ്പാടിലൂടെ യാണ് വീക്ഷിക്കുന്നത്. സ്വന്തം മാതാപിതാക്കളും, ബന്ധുക്കളും, സഹോദരങ്ങളും, സമൂഹവും അവരെ ഒറ്റപ്പെടുത്തുന്ന കാഴ്ചയാണ് കണ്ടുവരുന്നത്. സാമ്പത്തികമായും മാനസികമായും വളരെയധികം പ്രതിസന്ധികൾ മിശ്രവിവാഹിതരായ ദമ്പതിമാർക്ക് നേരിടേണ്ടതായി വരുന്നു. സ്വന്തം വീടുകളിൽ രണ്ടുപേർക്കും പ്രവേശനം നിഷേധിക്ക പ്പെടുന്നു. ഇതുമൂലം സ്ത്രീ, പുരുഷനേക്കാൾ കൂടുതൽ പീഡിപ്പിക്കപ്പെടുകയും പരിഹാസ്യപാത്രവുമാകുന്നു. മാറിയ സാഹചര്യത്തിൽ ദൈനംദിന ചെലവുകൾക്ക് സാമ്പത്തികം ഒരു പ്രശ്നമായി മാറുന്നു. രണ്ടുപേരുടേയും വീട്ടുകാരിൽ നിന്നും ബന്ധു ക്കളിൽ നിന്നും യാതൊരു സഹായവും ഈ സാഹചര്യത്തിൽ ലഭിയ്ക്കാൻ സാധ്യതയില്ല.

ആകയാൽ സർക്കാരിൽ നിന്നും ഒരു ചെറിയ സാമ്പത്തിക സഹായം ലഭിച്ചാൽ അത് തുടർന്നുള്ള ജീവിതത്തിന് മിശ്രവിവാഹിതരായ ദമ്പതിമാർക്ക് വലിയൊരാശ്വാസമാകും. മിശ്രവിവാഹം കഴിച്ചതിന്റെ പേരിൽ ദുരിതങ്ങൾ അനുഭവിക്കുന്നവർക്ക് സമൂഹത്തിൽ അംഗീകാരം ലഭിയ്ക്കുന്നതിനും, ആശ്വാസത്തിനുമാണ് ധനസഹായം നൽകുന്നത്.

5. വിവാഹകർമ്മത്തിൽ സ്ത്രീയും പുരുഷനും തുല്യപങ്കാളിയാണെങ്കിലും മിശ്ര വിവാഹിതരെ സംബന്ധിച്ചിടത്തോളം സ്ത്രീയാണ് സമൂഹത്തിന്റെ അവഹേളനത്തിനും പരിഹാസത്തിനും കൂടുതൽ പാത്രമാവുന്നത്. സാമ്പത്തിക ശേഷിയില്ലെങ്കിൽ കുടുംബം പുലർത്തുന്നതിനും സ്ത്രീതന്നെയാണ് കഷ്ടപ്പെടുന്നത്. മിശ്രവിവാഹിതയും ജന്മനാ വൈകല്യം ബാധിച്ച നാലു മക്കളുടെ അമ്മയുമായ ശ്രീമതി കെ. പി. മിനി തന്റെ കഷ്ടപ്പാടുകൾ വിവരിച്ചുകൊണ്ടും സമിതിയുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ടും സമിതിയിൽ ഹർജി സമർപ്പിച്ചിരുന്നു.

6. ഹർജിക്കാരി മിശ്രവിവാഹിതയാണെന്നും സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കാവസ്ഥയിലാണെന്നും സ്ഥിരമായി ഒരു ജോലിയോ മറ്റു വരുമാനമാർഗ്ഗമോ ഇല്ലാത്തതുകൊണ്ട് വളരെയധികം കഷ്ടതയും ദാരിദ്ര്യവും അനുഭവിക്കുകയാണെന്നും 4 പെൺകുട്ടികളാണുള്ളതെന്നും അവർ വികലാംഗരും ഹൃദ്രോഗമുള്ളവരും ബധിര-മൂക രുമാണെന്നും മിശ്രവിവാഹിതരുടെ കുടുംബത്തിലെ ഒരാളിന് ജോലി നൽകുമെന്നുമുള്ള പത്രവാർത്തയനുസരിച്ച് സഹായം നൽകി ഹർജിക്കാരിയേയും കുടുംബത്തേയും ദാരിദ്ര്യത്തിൽ നിന്നും കഷ്ടതയിൽ നിന്നും കരകയറ്റണമെന്നും പരാതിയിൽ അപേക്ഷി ച്ചിരുന്നു.

ഇതു സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന(എഫ്) വകുപ്പ് 7-1-2003-ലെ 2894/എഫ്2/01/പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

7. അയിത്തോച്ചാടന പരിപാടിയുടെ ഭാഗം എന്ന നിലയിൽ മിശ്ര വിവാഹിത ധനസഹായ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മിശ്രവിവാഹ ദമ്പതിക ളിലൊരാൾ പട്ടികജാതിയാണെങ്കിൽ മിശ്ര വിവാഹ ഗ്രാന്റായി 10,000 രൂപ വകുപ്പ് നൽകുന്നു.

തൊഴിൽ സംരംഭം തുടങ്ങുന്നതിനോ, കൃഷിസ്ഥലം വാങ്ങുന്നതിനോ വീട് വയ്ക്കുന്നതിനോ ഉപയോഗിക്കുന്നതിനാണ് മിശ്രവിവാഹ ധനസഹായം നൽകിവരുന്നത്. ഇവരുടെ വാർഷിക വരുമാന പരിധി 12,000 രൂപയാണ്. നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് മിശ്രവിവാഹിത ദമ്പതികളിലൊരാൾ പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോ അംഗമാണെങ്കിൽ അവരുടെ സന്താനങ്ങൾ അതേ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്ക് വരുമാന പരിധി വിധേയമല്ലാതെ തന്നെ അർഹരാണ്.

8. ഹർജിക്കാരിയായ ശ്രീമതി കെ. പി. മിനിയ്ക്ക് 15, 12, 8, 4 വയസ്സുവീതം പ്രായമുള്ള നാല് പെൺകുട്ടികളുണ്ട്. അതിൽ രണ്ടാമത്തെ കുട്ടി മാനസിക വൈകല്യമുള്ളതും മൂന്നാമത്തെ കുട്ടി മന്ദബുദ്ധിയുമാണ്.

9. ശ്രീമതി മിനി മിശ്രവിവാഹിതർക്കുള്ള ധനസഹായം 1998-99 വർഷം കൈപ്പറ്റിയിട്ടുണ്ട്. പുനരധിവാസ പദ്ധതിപ്രകാരം സ്ഥലം വാങ്ങുന്നതിനുള്ള അപേക്ഷ നൽകുന്നതിനും കുട്ടികളുടെ പരിചരണം കൂടി കണക്കിലെടുത്ത് മിനിയ്ക്ക് വീട്ടിൽ വച്ച് തന്നെ ചെയ്യാവുന്ന തൊഴിലിന് പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ജില്ലാ ആഫീസർക്ക് നിർദ്ദേശം നൽകുകയുണ്ടായി എന്നും പത്താം തരത്തിൽ പഠിക്കുന്ന മൂത്ത മകൾക്ക് തുടർന്ന് പഠിക്കുന്നതിനും മക്കളുടെ രോഗ ചികിത്സയ്ക്ക് ധനസഹായം ലഭിക്കുന്നതിനും നടപടി സ്വീകരിക്കാൻ ജില്ലാ ആഫീസർക്ക് നിർദ്ദേശവും നൽകുകയുണ്ടായി.

10. മേൽപ്പറഞ്ഞ ഗവൺമെന്റ് റിപ്പോർട്ട് 2003 ആഗസ്റ്റ് മാസം 20-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും ശ്രീമതി മിനിയുടെ കുടുംബത്തിനുവേണ്ട സഹായങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗക്കാരല്ലാത്ത മിശ്രവിവാഹിതർക്ക് ധനസഹായം കൊടുക്കുന്നതിനുള്ള വരുമാന പരിധി 8000 രൂപയിൽ നിന്ന് 36,000 രൂപയായും ഗ്രാന്റ് 5000 രൂപയിൽ നിന്ന് 25,000 രൂപയായും വർദ്ധിപ്പിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായ വരുമാന പരിധി 12,000 രൂപയിൽ നിന്നും 50,000 രൂപയായും ഗ്രാന്റ് 10,000 രൂപയിൽ നിന്നും 30,000 രൂപയായും വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റിനോട് ശുപാർശ ചെയ്തിരുന്നു.

11. സാമൂഹ്യക്ഷേമ (സി) വകുപ്പ് 4-12-2003-ലെ 2676/സി1/03/സാക്ഷേവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

12. "മിശ്ര വിവാഹിതരുടെ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി നൽകുന്നതിനുള്ള നിയമം നിലവിലില്ല എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് അറിയിച്ചിട്ടുണ്ട്."

13. തുടർന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന(എഫ്)വകുപ്പ് 7-1-2004-ലെ 24233/എഫ്2/03/പജപവവിവ.നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെപറയും പ്രകാരമാണ്.

14. 'പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 12,000 രൂപയിൽ നിന്നും 50,000 രൂപയായും ഗ്രാന്റ് 10,000 രൂപയിൽ നിന്ന് 30,000 രൂപയായും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ശുപാർശ

സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്നുള്ള വിവരം അറിയിക്കുന്നു.'

15. മിശ്ര വിവാഹിതരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി 2007 നവംബർ മാസം 20-ാം തീയതി ചേർന്ന സമിതി യോഗം എസ്.സി./എസ്.റ്റി. വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, നിയമവകുപ്പ് സ്പെഷൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നീ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയിരുന്നു.

16. ബഹു. സുപ്രീം കോടതിയുടെ 2003-ലെ ഒരു കേസിലെ ജഡ്ജ്മെന്റിനെ ആസ്പദമാക്കി ഇറക്കിയ ഒരു ഗവൺമെന്റ് ഉത്തരവാണ് മിശ്രവിവാഹിതർക്ക് പ്രയാസം സൃഷ്ടിച്ചിട്ടുള്ളതെന്നും പുനിത് റായ് v/s ദിനേഷ് ചൗധരി എന്ന പ്രസ്തുത കേസ് ഇലക്ഷൻ സംബന്ധിച്ചുള്ളതായിരുന്നുവെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിക്കുകയുണ്ടായി. ശ്രീ. പുനിത് റായ് പട്ടികജാതിക്കാർക്ക് സംവരണം ചെയ്തിട്ടുള്ള മണ്ഡലത്തിൽ സ്ഥാനാർത്ഥിയായി നിന്നുവെന്നും ശ്രീ. പുനീത് റായിയുടെ അച്ഛൻ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ആളായിരുന്നുവെന്നും എങ്കിലും അമ്മ പട്ടിജാതിക്കാരിയായതിനാൽ താനും പട്ടികജാതിയിൽപ്പെടുമെന്നായിരുന്നു ടിയാന്റെ പക്ഷമെന്നും ടിയാന് ആയത് തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് സ്റ്റാറ്റ്യൂട്ടറി നിയമത്തിന്റെ അഭാവത്തിൽ ഹിന്ദു കസ്റ്റമറി നിയമപ്രകാരം പിതാവിന്റെ ജാതിയാണ് മക്കളുടെ ജാതി നിർണ്ണയിക്കുന്നതിന് പരിഗണിക്കേണ്ടത് എന്ന കോടതി ഉത്തരവുണ്ടായത്. ഒ.ബി.സി.യും പട്ടികജാതിയിലും/പട്ടികവർഗ്ഗ വിഭാഗത്തിലും അച്ഛന്റെയോ അമ്മയുടേയോ ജാതി പരിഗണിക്കുകയെന്ന പൊതുവെയുണ്ടായിരുന്ന ഉത്തരവിന് പകരം ഈ പ്രത്യേക സാഹചര്യത്തിൽ മാത്രം അച്ഛന്റെ ജാതി പരിഗണിക്കണമെന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സംസ്ഥാന സർക്കാരിനു വേണ്ടി ഉത്തരവ് ഇറക്കുകയായിരുന്നുവെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കിയിരുന്നു. എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ മിശ്ര വിവാഹിതരാകുമ്പോൾ അവർക്ക് ഏത് സ്റ്റാറ്റസ് കൊടുക്കണമെന്നുള്ളത് വിവാദ വിഷയമാണെന്നും മിശ്രവിവാഹിതരെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി ആനുകൂല്യം നൽകുന്നതായിരിക്കും അഭികാമ്യമെന്നും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

17. മിശ്രവിവാഹിതരുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നുണ്ടെന്നും എന്നാൽ കുട്ടിയുടെ അച്ഛന്റെയും അമ്മയുടെയും ജാതി വ്യക്തമാക്കുന്ന ജാതി സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ നൽകിയാൽ ഇത്തരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകാനാവുമെന്ന് എസ്.സി/എസ്.റ്റി വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

18. മിശ്ര വിവാഹിതരുടെ കുട്ടികൾക്ക് (പ്രത്യേകിച്ച് എസ്.സി/എസ്.റ്റി. വിഭാഗക്കാരുടെ) ആനുകൂല്യം കിട്ടുന്നതിന് അച്ഛന്റെ ജാതി മാത്രമേ പരിഗണിക്കാൻ പാടുള്ളൂ എന്ന ബഹു. സുപ്രീം കോടതി വിധി നിലവിൽ വന്നതുമൂലം എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഒട്ടേറെ മിശ്രവിവാഹിതരായ ദരിദ്രർ കഷ്ടതയനുഭവിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തുകയുണ്ടായി പാവപ്പെട്ട ആദിവാസി സ്ത്രീകളെ വിവാഹം കഴിച്ചശേഷം ഭർത്താവ് അവരെ ഉപേക്ഷിച്ച് പോവുന്ന പ്രവണതമൂലവും അവിവാഹിതരായ ധാരാളം

ആദിവാസി സ്ത്രീകൾ അമ്മമാരാകുന്ന സംഭവങ്ങൾ ഉണ്ടാകുന്നതുകൊണ്ടും പല ആദിവാസി ഊരുകളിലെ കുഞ്ഞുങ്ങൾക്കും ആദിവാസിയുടെ ആനുകല്യം നിഷേധിക്കുകയാണെന്നും സമൂഹത്തിലെ അശരണരും അധഃസ്ഥിതരുമായ ഈ വിഭാഗത്തിന് ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നത് നീതി നിഷേധമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ വിദ്യാഭ്യാസം, തൊഴിൽ സംവരണം എന്നീ ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിന് അമ്മയുടെ ജാതി പരിഗണിക്കത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കണമെന്നും മിശ്ര വിവാഹിതരായ (പട്ടികജാതി/പട്ടികവർഗ്ഗ) ദമ്പതിമാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ ജാതി സർട്ടിഫിക്കറ്റ് നൽകുന്ന ഫോറത്തിൽ ആവശ്യമായ മാറ്റം വരുത്തി അച്ഛന്റേയും അമ്മയുടേയും ജാതി കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

19. കഴിഞ്ഞ 27 വർഷമായി പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്ര വിവാഹിതരായ അമ്മമാരുടെ മക്കൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഒരു പ്രത്യേക കോടതിവിധിയിലൂടെ പെട്ടെന്ന് നഷ്ടമായത് കണക്കിലെടുത്തും ആ കോടതി വിധിക്ക് ആധാരമായ പ്രത്യേക സാഹചര്യം പരിഗണിച്ചും ഇക്കാര്യത്തിൽ അർഹിക്കുന്ന ഗൗരവത്തോടെ സർക്കാരിന്റെ ഭാഗത്തു നിന്ന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

20. മിശ്രവിവാഹിതരിൽ അമ്മമാരാണ് കുടുംബം പുലർത്താൻ ഏറെ ക്ലേശം സഹിക്കേണ്ടിവരുന്നത്. ഭർത്താവ് മുന്നോക്ക ജാതിക്കാരനാണെങ്കിൽ അവസ്ഥ ഒന്നുകൂടി പരിതാപകരമാകുമെന്നതിൽ സംശയമില്ല. ആയതിനാൽ മിശ്ര വിവാഹിതരായ ദമ്പതിമാരുടെ മക്കളുടെ ജാതി നിശ്ചയിക്കുന്നതിന് സ്ത്രീ-പുരുഷ സമത്വം ഉത്ഘോഷിക്കുന്ന നമ്മുടെ രാജ്യത്ത് പിതാവിന്റെ ജാതി മാത്രമേ പരിഗണിക്കുകയുള്ളൂവെന്ന് ശഠിക്കുന്നത് യുക്തിക്ക് നിരക്കാത്ത വാദഗതിയാണെന്നും ആയതിനാൽ നേരത്തെ നിലവിലുണ്ടായിരുന്നതുപോലെ അമ്മയോ, അച്ഛനോ, പട്ടികജാതിയിൽപ്പെട്ടതാണെങ്കിൽ ആൺ പെൺ ഭേദമില്ലാതെ മക്കളെയും പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും തൊഴിൽ സംവരണവും ലഭിക്കാൻ സഹായിക്കുന്ന വിധം ഇക്കാര്യം പുനഃപരിശോധിക്കണമെന്നും ഇതിന് വേണ്ടി നിയമ നിർമ്മാണം നടത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. അതുപോലെ മിശ്ര വിവാഹിതരിൽ ഒരാൾ മുന്നോക്ക ജാതിക്കാരനും ഒരാൾ പിന്നോക്ക ജാതിയിൽപ്പെട്ട ആളുമാണെങ്കിൽ മക്കൾക്ക് പിന്നോക്ക വിഭാഗത്തിന് ലഭിയ്ക്കുന്ന വിദ്യാഭ്യാസാനുകൂല്യം, തൊഴിൽ സംവരണം എന്നിവ ലഭിയ്ക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. മിശ്രവിവാഹിതരെ മൂന്നു വിഭാഗമായി കണക്കാക്കിയാണ് ഇപ്പോൾ സാമ്പത്തിക സഹായം നൽകിവരുന്നത്.

I. <u>പട്ടിക വർഗ്ഗക്കാർ ഉൾപ്പെട്ട മിശ്രവിവാഹിതർക്കുള്ള ധനസഹായം</u>:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് 4-4-2003-ലെ സർക്കാർ ഉത്തരവ് (കൈ)നം. 41/03 പജപവവിവ. പ്രകാരം 10,000 രൂപ മിശ്രവിവാഹ

ധനസഹായമായി നൽകിവരുന്നുണ്ട്. വരുമാന പരിധി 12,000 രൂപയിൽ കവിയുവാൻ പാടില്ലാത്തതാകുന്നു.

## II. പട്ടികജാതിക്കാർ ഉൾപ്പെട്ട മിശ്രവിവാഹിതർക്കുള്ള ധനസഹായം :

മിശ്ര വിവാഹിതരായ ദമ്പതികളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നു വെങ്കിൽ സർക്കാർ ഉത്തരവ് (സാധാ)നം. 720/05/പജപവവിവ. തീയതി 5-8-2005 പ്രകാരം 20,000 രൂപ മിശ്ര വിവാഹ ധനസഹായമായി നൽകുന്നു. കുടുംബ വാർഷിക വരുമാനം 22,000 രൂപയിൽ കവിയാൻ പാടുള്ളതല്ലെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത ധനസഹായത്തിനായി വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും എന്നാൽ മൂന്ന് വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിച്ചിരിക്കണം. വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ഒരു വർഷത്തിലേറെയായി ഒന്നിച്ചു താമസിക്കുന്നു എന്നതിനുള്ള ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ എന്നിവയും ഹാജാരാക്കേണ്ടതാണ്.

വിവാഹം കഴിഞ്ഞ് മൂന്ന് വർഷത്തിനുശേഷമാണ് അപേക്ഷ സമർപ്പിക്കുന്ന തെങ്കിൽ ആയത് മാപ്പാക്കി മിശ്രവിവാഹ ധനസഹായം അനുവദിക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

## III. ഇതര മതവിഭാഗത്തിലുള്ളവർ ഉൾപ്പെട്ട മിശ്ര വിവാഹിതിർക്കുള്ള ധനസഹായം :

പട്ടികജാതി/പട്ടികവർഗ്ഗക്കാരല്ലാത്തവരും പ്രതിവർഷം 8000 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരും വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കുകയും 3 വർഷം കഴിയാതിരിക്കുകയും ചെയ്യുന്ന മിശ്ര വിവാഹിതർക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും 5000 രൂപ ധനസഹായം നല്കുന്നുണ്ട്. ടി ധനസഹായം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്.

1. ദമ്പതികളുടെ ജാതി തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ്.
2. ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ്.
3. മിശ്ര വിവാഹം തങ്ങളുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തു എന്ന കാണിച്ചു കൊണ്ട് താഴെപ്പറയുന്നതിൽ ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

   (എ) സബ് രജിസ്ട്രാർ

   (ബി) പഞ്ചായത്ത് പ്രസിഡന്റ്

   (സി) ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്ര വിവാഹ സംഘടന

   (ഡി) ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യക്കാർ

   (ഇ) കരയോഗം സെക്രട്ടറി

(എഫ്) എസ്.എൻ.ഡി.പി. ശാഖായോഗം സെക്രട്ടറി

(ജി) പള്ളി അധികാരികൾ

4. ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ചു താമസിക്കുന്നു എന്നു കാണിക്കുന്നതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ പാർലമെന്റ് മെമ്പറോ, ലെജിസ്ളേറ്റീവ് അസംബ്ളി മെമ്പറോ നല്കിയതുമായ സർട്ടിഫിക്കറ്റ്.

5. അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ സ്വീകരിച്ച് ധനസ ഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നല്കി വരുന്നു. മിശ്ര വിവാഹിതർക്ക് സ്വയംതൊഴിൽ പദ്ധതികൾക്ക് യാതൊരു ധന സഹായവും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നല്കുന്നില്ല.

6. മിശ്ര വിവാഹ ദമ്പതികളിൽ ആരെങ്കിലും ഒരാൾ പട്ടികജാതി വിഭാഗ ത്തിലുള്ളതാണെങ്കിൽ സാമ്പത്തിക സഹായം പട്ടികജാതി വികസന വകുപ്പിൽ നിന്നും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് ദമ്പതിമാരിൽ ആരെങ്കിലും എങ്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സാമ്പ ത്തിക സഹായം നൽകുന്നുണ്ട്.

23. മിശ്രവിവാഹിതർക്ക് നൽകിവരുന്ന സാമ്പത്തികസഹായം വിവിധ വിഭാഗ ക്കാർക്ക് വിവിധ തരത്തിലാണ് എന്ന് സമിതി മനസ്സിലാക്കുന്നു. മിശ്ര വിവാഹിതരെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കി ഒ.ബി.സി/എസ്.സി/എസ്.റ്റി വിഭാഗത്തിൽ പെടുന്ന മിശ്ര വിവാഹിതർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും ഏകീകരിക്കണമെന്നും ആനുകൂല്യം നൽകുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം തന്നെ ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

കെ.കെ. ശൈലജ ടീച്ചർ,
അദ്ധ്യക്ഷ,
സ്ത്രീകളുടേയും കുട്ടികളുടേയും
വികലാംഗരുടേയും ക്ഷേമം
സംബന്ധിച്ച സമിതി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2008, ജൂലായ് 7.

അനുബന്ധം

## മിശ്ര വിവാഹിതർക്കുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച ചോദ്യാവലിക്കുള്ള മറുപടി

### നിയമവകുപ്പ്

നിയമ (ഇ) വകുപ്പ് 4-12-2007-ലെ 24633/ഇ2/07/നിയമം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു.

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട/പട്ടികജാതിക്കാരല്ലാത്ത മിശ്രവിവാഹിതർക്കുള്ള നിയമങ്ങൾ ഏതൊക്കെയാണ് ? അതു പരിരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണ് ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട/പട്ടികജാതിക്കാരല്ലാത്ത മിശ്രവിവാഹിതർക്കു വേണ്ടിയുള്ള പ്രത്യേക നിയമങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ മിശ്ര വിവാഹം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരോ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ടവരോ ഉൾപ്പെട്ട മിശ്ര വിവാഹിതർക്ക്, യഥാക്രമം പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുളളതോ അല്ലെങ്കിൽ മറ്റു പിന്നോക്ക വിഭാഗക്കാർക്കുള്ളതോ ആയ എല്ലാ ആനുകൂല്യങ്ങളും ബാധകമാക്കിയിട്ടുണ്ട്.

(i) 1977 ജനുവരി 25-ലെ G.O.(Ms.) No. 11/77/D.D. ഉത്തരവു പ്രകാരം മിശ്ര വിവാഹത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെങ്കിൽ അവരുടെ കുട്ടികൾ, എല്ലാ ആവശ്യങ്ങൾക്കും പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോ ഉൾപ്പെടുന്നതായി കരുതപ്പെണ്ടേതാണ്.

(ii) 24-4-1979-ലെ 806/79/D.D. എന്ന സർക്കാർ ഉത്തരവ് പ്രകാരം മിശ്ര വിവാഹിതരിൽ ഒരാൾ പിന്നോക്ക സമുദായാംഗമാണെങ്കിൽ അവരുടെ കുട്ടികൾക്ക് പിന്നോക്ക സമുദായക്കാർക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. വരുമാന പരിധി ഇക്കാര്യത്തിൽ ബാധകമല്ല.

വിവാഹമോചനം നടന്ന മിശ്രവിവാഹിതരുടെ കുട്ടികൾക്കും ഈ ആനുകൂല്യം ബാധകമാകുന്നതാണ്.

ചോദ്യം 2

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഏത് വിധിയുടെ അടിസ്ഥാനത്തിലാണ് 22-3-2005-ലെ ജി.ഒ.(എം.എസ്.)11/05/SCSTDD ഉത്തരവ് ഇറക്കിയിട്ടുള്ളത്?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പുനിത് റായ് v/s ദിനേഷ് ചൗധരി എന്ന കേസ്സിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് 22-3-2005-ലെ ജി.ഒ. (എം.എസ്.) 11/05/SCSTDD ഉത്തരവ് ഇറക്കിയിട്ടുള്ളത്.

ചോദ്യം 3

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഒരു വിധി നിലവിൽ വരുമ്പോൾ അതിനെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാറുകൾ ഉത്തരവിറക്കുമ്പോൾ പാലിക്കേണ്ട വല്ല മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുണ്ടോ ? എങ്കിൽ അവ ഏതെല്ലാമാണ് ?

സാധാരണ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ നിന്നും വ്യത്യസ്ത മായി ഒരു കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവി ക്കുമ്പോൾ പാലിക്കേണ്ട നടപടികളെക്കുറിച്ച് റൂൾസ് ഓഫ് ബിസിനസിൽ വ്യക്തമായി പറയുന്നില്ല. എന്നാൽ റൂൾസ് ഓഫ് ബിസിനസിലെ ചട്ടം 34(2)(iii) പ്രകാരം ന്യൂനപക്ഷ ത്തിന്റേയോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ ബാധിക്കുന്നതോ ബാധിക്കാൻ സാദ്ധ്യതയുള്ളതോ ആയ കാര്യമാണെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് മുഖ്യമന്ത്രി ആയത് ഗവർണ്ണർക്ക് സമർപ്പിക്കേണ്ടതാണ് എന്നു പറയുന്നുണ്ട്. ഇതിൽ കൂടുതലായി മറ്റ് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും തന്നെ കാണുന്നില്ല.

**സാമൂഹ്യക്ഷേമ വകുപ്പ്**

സാമൂഹ്യക്ഷേമ വകുപ്പ് 5-12-2007-ലെ 13176/സി2/07/സാ.ക്ഷേ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ് :

1. ചോദ്യം : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട/പട്ടികജാതി-പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെടാത്ത മിശ്ര വിവാഹിതർക്കുള്ള ധനസഹായ/സ്വയംതൊഴിൽ പദ്ധതി കൾ എന്തൊക്കെയാണ് ? അത് നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ?

ഉത്തരം : പട്ടികജാതി-പട്ടികവർഗ്ഗക്കാരല്ലാത്തവരും പ്രതിവർഷം 8000 രൂപയിൽ കുറഞ്ഞ വരുമാനമുള്ളവരും, വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കുകയും 3 വർഷം കഴിയാതിരിക്കുകയും ചെയ്യുന്ന മിശ്ര വിവാഹിതർക്ക് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും 5000 രൂപ ധനസഹായം നല്കുന്നുണ്ട്. ടി ധനസഹായം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം താഴെപ്പറയുന്ന പ്രമാണങ്ങൾ ഹാജരാക്കേണ്ടതാണ്.

(1) ദമ്പതികളുടെ ജാതി തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ്.

(2) ദമ്പതികളുടെ വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നല്കിയ സർട്ടിഫിക്കറ്റ്.

(3) മിശ്ര വിവാഹം തങ്ങളുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തു എന്നു കാണിച്ചു കൊണ്ട് താഴെ പറയുന്നതിൽ ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

(എ) സബ് രജിസ്ട്രാർ

(ബി) പഞ്ചായത്തു പ്രസിഡന്റ്

(സി) ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്ര വിവാഹ സംഘടന

(ഡി) ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യക്കാർ

(ഇ) കരയോഗം സെക്രട്ടറി

(എഫ്) എസ്.എൻ.ഡി.പി. ശാഖായോഗം സെക്രട്ടറി

(ജി) പള്ളി അധികാരികൾ.

4. ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ചു താമസിക്കുന്നു എന്ന് കാണിക്കുന്നതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ, പാർലമെന്റ് മെമ്പറോ, ലെജിസ്ലേറ്റീവ് അസംബ്ലി മെമ്പറോ നല്കിയതുമായ സർട്ടിഫിക്കറ്റ്.

അപേക്ഷകൾ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ സ്വീകരിച്ച് ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നല്കി വരുന്നു.

മിശ്ര വിവാഹിതർക്ക് സ്വയം തൊഴിൽ പദ്ധതികൾക്ക് യാതൊരു ധനസഹായവും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും നല്കുന്നില്ല.

മിശ്ര വിവാഹ ദമ്പതികളിൽ ഏതെങ്കിലും ഒരാൾ പട്ടികജാതി വിഭാഗത്തിലുള്ളതാണെങ്കിൽ സാമ്പത്തിക സഹായം പട്ടികജാതി വികസന വകുപ്പിൽ നിന്നും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ് ദമ്പതിമാരിൽ ആരെങ്കിലും ഒരാൾ എങ്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നല്കുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

1. ചോദ്യം : 22-3-2005-ലെ G.O (Ms) 11/2005/SCSTDD നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ? എങ്കിൽ ഉത്തരവിന്റെ ഉള്ളടക്കം എന്താണ് ?

ഉത്തരം : 25-1-1977-ലെ 11/77/ഡി.ഡി. എന്ന ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടാണ് 22-3-2005-ലെ 11/2005/ SCSTDD എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ജി. ഒ (എം.എസ്.) 11/2005/ SCSTDD നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ല.

2. ചോദ്യം : വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം : മിശ്ര വിവാഹിതർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്ന യാതൊരു സ്കീമും സാമൂഹ്യക്ഷേമ വകുപ്പിൽ നടപ്പിലാക്കുന്നില്ല.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എഫ്) വകുപ്പ് 5-2-2008-ലെ 27267/എഫ്2/07/ പജപവവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതർക്ക് 4-4-2003-ലെ സർക്കാർ ഉത്തരവ് (കൈ) നം.41/03/പജപവവിവ പ്രകാരം 10,000 രൂപ മിശ്ര വിവാഹ ധനസഹായമായി നൽകി വരുന്നുണ്ട്. വരുമാന പരിധി 12,000 രൂപയിൽ കവിയുവാൻ പാടില്ലാത്തതാകുന്നു.

മിശ്രവിവാഹിതരായ ദമ്പതികളിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നുവെങ്കിൽ സർക്കാർ ഉത്തരവ് (സാധാ)നം. 720/05/പജപവവിവ തീയതി 5-8-05 പ്രകാരം 20,000 രൂപ മിശ്ര വിവാഹ ധനസഹായമായി നൽകുന്നു. കുടുംബ വാർഷിക വരുമാനം 22,000 രൂപയിൽ കവിയാൻ പാടുള്ളതല്ല.

പ്രസ്തുത ധനസഹായത്തിനായി വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും എന്നാൽ മൂന്നു വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിച്ചിരിക്കണം. വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ഒരു വർഷത്തിലേറെയായി ഒന്നിച്ചു താമസിക്കുന്നു എന്നതിനുള്ള ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള കോ-ലിവിംഗ് സർട്ടിഫിക്കറ്റ്, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ എന്നിവയും ഹാജരാക്കേണ്ടതാണ്.

വിവാഹം കഴിഞ്ഞ് മൂന്നു വർഷത്തിനു ശേഷമാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ ആയത് മാപ്പാക്കി മിശ്രവിവാഹധനസഹായം അനുവദിക്കുവാൻ സർക്കാറിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

<u>ചോദ്യം</u> : ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഏത് വിധിയുടെ അടിസ്ഥാനത്തിലാണ് 22-3-2005-ലെ G.O. (Ms.) 11/2005/SCSTDD നമ്പർ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുള്ളത് ?

<u>ഉത്തരം</u> : സുപ്രീം കോടതിയുടെ 19-8-2003-ലെ സിവിൽ അപ്പീൽ നമ്പർ 659/03 വിധിയുടെ (പുനീത് റായ് Vs ദിനേഷ് ചൗധരി) അടിസ്ഥാനത്തിലാണ് 22-3-2005-ലെ G.O. (Ms.) 11/2005/SCSTDD എന്ന ഉത്തരവ് ഇറക്കിയിട്ടുള്ളത്. ഈ കേസിൽ കേരള സർക്കാർ കക്ഷിയായിരുന്നില്ല.